**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1094** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>കണ്ണൂർ വിമാനത്താവളത്തിലേക്കുള്ള നാലുവരിപ്പാത</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. കെ. സനോജ് ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലേക്കുള്ള നാലുവരിപ്പാത നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

**<u>മറുപടി:</u>** കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധിപ്പിക്കുന്ന 4 റോഡുകൾക്കാണ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. ഇതിൽ താഴെ പറയുന്ന 3 റോഡുകളാണ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നത്. നാലുവരിപ്പാതയായി വികസിപ്പിക്കുന്ന ഓരോ റോഡിന്റെയും ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതിവിവരം ചുവടെ ചേർക്കുന്നു:

**<u>1.തലശ്ശേരി-കൊട്ടുവള്ളി-മമ്പറം-അഞ്ചരക്കണ്ടി-മട്ടന്നൂർ എയർപോർട്ട് റോഡ്.</u>**

11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വില നിർണ്ണയ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദ വിലവിവര പട്ടിക അംഗീകരിക്കുന്നതാണ്.

**<u>2.പെരിങ്ങത്തൂർ- മേക്കുന്ന് -പാനൂർ- പൂക്കോട് - മട്ടന്നൂർ എയർപോർട്ട് റോഡ്.</u>**

11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സബ് ഡിവിഷൻ പ്രവർത്തികൾ, വ്യക്തിഗത സ്കെച്ച്, മഹസർ തയ്യാറാക്കുന്ന പ്രവർത്തികൾ ആരംഭിക്കേണ്ടതുണ്ട്.

**<u>3.മാനന്തവാടി -ബോയ്സ് ടൗൺ- പേരാവൂർ -ശിവപുരം - മട്ടന്നൂർ എയർപോർട്ട് റോഡ്.</u>**

11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സബ് ഡിവിഷൻ പ്രവർത്തികൾ, വ്യക്തിഗത സ്കെച്ച്, മഹസർ തയ്യാറാക്കുന്ന പ്രവർത്തികൾ ആരംഭിക്കേണ്ടതുണ്ട്.

**(ബി)** പ്രസ്തുത നാലുവരിപ്പാതയുടെ നിർമ്മാണത്തിനും ഭൂമി ഏറ്റെടുക്കുന്നതിനും ആകെ പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** വിശദ വിലനിർണ്ണയ പത്രിക (DVS) അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ പദ്ധതിക്ക് ആവശ്യമായ ചെലവ് തുക വിലയിരുത്താൻ സാധിക്കുകയുള്ളൂ.

**(സി)** നാലുവരിപ്പാത യാഥാർത്ഥ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** വിലനിർണ്ണയ റിപ്പോർട്ട് ലഭ്യമാക്കി DVS അംഗീകരിക്കുകയും, അർത്ഥനാധികാരി ഫണ്ട് നിക്ഷേപിക്കുകയും ചെയ്യുന്ന മുറയ്ക്ക്, 2013-ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം (RFCTLARR Act 2013) അനുശാസിക്കുന്നത് പ്രകാരമുള്ള തുടർ നടപടിക്രമങ്ങൾ പാലിച്ച് ഭൂമി ഏറ്റെടുത്ത് അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.

**സെക്ഷൻ ഓഫീസർ**